പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5617 | 2.11.2016 -ൽ മറുപടിയ്ക്ക്

## ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകൾ

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് : | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പ്രയോജനപ്പെടുത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് വിനോദസഞ്ചാര വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് 14 ലക്ഷം പേർ തൊഴിൽ ചെയ്യുന്നതായി കണക്കാക്കുന്നു.അടുത്ത അഞ്ച് വർഷക്കാലം കൊണ്ട് ഇവരുടെ എണ്ണത്തിൽ നാല് ലക്ഷം വർദ്ധനവുണ്ടാക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.പുതിയ ടൂറിസം സെന്ററുകളുടെ കണ്ടെത്തൽ, നിലവിലുള്ളവയുടെ പരിഷ്കരണം, അടിസ്ഥാന സൗകര്യ വികസനം, ആധുനികവും നൂതനവുമായ സാങ്കേതിക വിദ്യയുടെ പ്രചാരണം, ദേശീയ-അന്തർ ദേശീയ ടൂറിസം മേളകൾ, റോഡ് ഷോകൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതിലൂടെ കൂടുതൽ വിദേശ ആഭ്യന്തര മാർക്കറ്റുകൾ കണ്ടെത്തൽ, പുതിയ സെന്ററുകളിൽ ആവശ്യമായ ഹോട്ടൽ, ആവശ്യമായ ടൂറിസം സംരംഭങ്ങൾ ആരംഭിക്കൽ എന്നിവയടക്കം സാദ്ധ്യമായ എല്ലാ മേഖലകളും പ്രയോജനപ്പെടുത്തി ടൂറിസ്റ്റുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിച്ച് അതു വഴി കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. |
| ബി) | തൃശ്ശൂർ ജില്ലയിൽ എത്ര ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകളുണ്ട്; അവ | ബി) | തൃശ്ശൂർ ജില്ലയിൽ അഞ്ച് ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകളുണ്ട്. ഗുരുവായൂർ, ചാവക്കാട്, ആതിരപ്പള്ളി, ചാലക്കുടി, |

(... 2)

| | | | |
|---|---|---|---|
| | ഏതെല്ലാമാണ് വിശദാംശം വ്യക്തമാക്കുമോ; | | ആതിരപ്പള്ളി സെക്ടർ എന്നിവയാണ് ഡെസ്റ്റിനേഷൻ സെന്ററുകൾ. |
| സി) | ഇവയുടെ വികസനത്തിനായി ഏതെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | സി) | പുതിയ പദ്ധതികൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ